(സി) വനം വകുപ്പിനാണ് വിതരണച്ചുമതല.

(ഡി) വൃക്ഷത്തൈകൾ ക്ഷേത്രോപദേശക സമിതികൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പരിഗണിക്കാവുന്നതാണ്.

ഭാഗവത-രാമായണ പാരായണം നടത്തുന്നവർക്ക് ക്ഷേമപദ്ധതി

235 (4859) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരമ്പര്യമായി ഭാഗവത രാമായണ പാരായണത്തിലൂടെ ഉപജീവനം നടത്തുന്നവർക്ക് എന്തെങ്കിലും ക്ഷേമനിധിയോ പെൻഷനോ മറ്റെന്തെങ്കിലും ആനുകൂല്യങ്ങളോ നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഇവ ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ കഷ്ടതകൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) കഷ്ടത അനുഭവിക്കുന്ന ഇവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഇപ്പോൾ നിലവിലില്ല. ഇതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു കമ്മീഷനെ നിയോഗിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ പരിശോധിക്കാവുന്നതാണ്.

കൊച്ചിൻ ദേവസ്വം ബോർഡിനുകീഴിലുള്ള കോളേജുകളിലെ അദ്ധ്യാപക നിയമനം

236 (4860) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിൻ ദേവസ്വം ബോർഡിനുകീഴിലുള്ള കോളേജുകളിൽ ഈ വർഷം എത്ര അദ്ധ്യാപക തസ്തികകളിലേക്കാണ് നിയമനം നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ; ഏതെല്ലാം വിഷയങ്ങളിലേക്കാണ് നിയമനം നടത്തിയത് ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) നിയമനത്തിനായി എന്നാണ് അപേക്ഷ ക്ഷണിച്ചത് ; അപേക്ഷ ക്ഷണിക്കുന്ന സമയത്ത് ഓരോ വിഷയത്തിനും എത്ര ഒഴിവുകൾ വീതം നിലവിലുണ്ടായിരുന്നു ; എത്ര തസ്തികകൾക്കാണ് ഓരോ വിഷയത്തിനും സർക്കാർ നിയമനം നടത്തുന്നതിന് അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly